# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:17.05.2025**

### പ്രധാനവാർത്തകൾ

1. ഭീകരതയ്ക്കെതിരെയുള്ള ഇന്ത്യയുടെ നിലപാട് വിവിധ രാജ്യങ്ങളോട് വ്യക്തമാക്കുന്നതിന് ഏഴ് പ്രതിനിധി സംഘങ്ങളെ നിയോഗിച്ച് കേന്ദ്രസർക്കാർ.

2. ശാസ്ത്രപഠനത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക എന്ന സർക്കാർ നയം പൂർണമാകാൻ, ശാസ്ത്രസാങ്കേതിക വിദഗ്ദ്ധരുടെ ഇടപെടൽ അനിവാര്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ എന്റെ കേരളം പ്രദർശന വിപണന മേളയ്ക്ക് ഇന്ന് തുടക്കം.

4. അമിത രക്ത സമ്മർദ്ദത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തിലൂന്നി ഇന്ന് ലോക ഹൈപ്പർ ടെൻഷൻ ദിനം.

5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്ന് മുന്നറിയിപ്പ്.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളൂരു കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

## സർക്കാർ - പ്രതിനിധി സംഘങ്ങൾ

ഓപ്പറേഷൻ സിന്ദൂരിനെ തുടർന്ന് പാക് ഭീകരതയ്ക്കെതിരെയുള്ള ഇന്ത്യയുടെ നിലപാട് വ്യക്തമാക്കുന്നതിന് ഏഴ് പ്രതിനിധി സംഘം വിവിധ രാജ്യങ്ങൾ സന്ദർശിക്കുമെന്ന് കേന്ദ്രസർക്കാർ. ഈ മാസം അവസാനമാണ് സന്ദർശനം. കോൺഗ്രസ് നേതാവ് ശശി തരൂർ, ബിജെപിയുടെ രവിശങ്കർ പ്രസാദ്, ബൈജയന്ത് പാണ്ഡ, ജെഡിയുവിന്റെ സഞ്ജയ് കുമാർ ഝാ, ഡിഎംകെ അംഗം കനിമൊഴി കരുണാനിധി, എൻസിപി അംഗം സുപ്രിയ സുലെ, ശിവസേനയുടെ ശ്രീകാന്ത് ഏകനാഥ് ഷിൻഡെ എന്നിവർ ഒരോ പ്രതിനിധി സംഘത്തെനയിക്കും. ഭരണപ്രതിപക്ഷ പാർട്ടികളിലെ അംഗങ്ങൾ,മുതിർന്ന നയതന്ത്രജ്ഞർ തുടങ്ങിയവർ ഓരോ പ്രതിനിധി സംഘത്തിലും ഉണ്ടാകും. ഭീകരതയ്ക്കെതിരെയുള്ള ഇന്ത്യയുടെ ശക്തമായ സന്ദേശം ഐക്യരാഷ്ട്രസഭാ സുരക്ഷാ സമിതി അംഗങ്ങളെ ഉൾപ്പെടെ അറിയിക്കുകയാണ് ലക്ഷ്യം.

RNU TVPM

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## മുഖ്യമന്ത്രി - ശാസ്ത്രം (ഇൻട്രോ)

ശാസ്ത്രവും സാങ്കേതികവിദ്യയും മനുഷ്യജീവിതത്തിൽ നിന്ന് വേറിട്ട് നിൽക്കുന്ന മേഖലയല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് സയൻസ് ആൻറ് ടെക്നോളജി മേഖലയിലെ പ്രൊഫഷണലുകളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്)

ശാസ്ത്രപഠനത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് സംസ്ഥാന സർക്കാരിൻറെ പ്രഖ്യാപിത നയമാണ്. സർക്കാർ തലത്തിലുള്ള പ്രവർത്തനം കൊണ്ട് മാത്രം ഈ

മുന്നേറ്റം പൂർണമാകില്ലെന്നും, ശാസ്ത്രസാങ്കേതിക വിദഗ്ദ്ധരുടെ ഇടപെടൽ കൂടി അനിവാര്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

## എൻറെ കേരളം - തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശനവിപണന മേളയ്ക്ക് തിരുവനന്തപുരം കനകക്കുന്നിൽ ഇന്ന് തുടക്കമാവും. ഈ മാസം 23 വരെയാണ് പ്രദർശന വിപണനമേള. പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ ഇന്നു മുതൽ ഗതാഗതനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## എൻറെ കേരളം - മന്ത്രി പി. രാജീവ്

എറണാകുളം ജില്ലയിൽ "എന്റെ കേരളം മെഗാ പ്രദർശന വിപണന മേള' വൈകിട്ട് മറൈൻഡ്രൈവിൽ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. ഈ മാസം 23 വരെ നീളുന്ന മേളയിൽ 276 ലധികം സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&

## മലപ്പുറം - കടുവ

മലപ്പുറത്ത് ഇറങ്ങിയ നരഭോജി കടുവയെ പിടികൂടാൻ ശ്രമം ഊർജിതമാക്കി വനംവകുപ്പ്. ഇതിനായി അടക്കാക്കുണ്ടിൽ രണ്ട് ക്യാമ്പുകൾ ആരംഭിച്ചു. ഉദ്യോഗസ്ഥർക്കായി ക്രസന്റ് ഹയർ സെക്കൻഡറി സ്കൂളിലും കുങ്കിയാനകൾക്കും അനുബന്ധ ജോലിക്കാർക്കും പാറശ്ശേരി ഗവ. എൽപി സ്കൂളിലുമാണ് ക്യാമ്പൊരുക്കിയത്. കടുവയുടെ സാന്നിധ്യം കണ്ടെത്തിയാൽ ഉടൻ നടപടി ആരംഭിക്കാനാണ് പ്രദേശത്തുതന്നെ സൗകര്യമൊരുക്കിയത്.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

## ലോക ഹൈപ്പർ ടെൻഷൻ ദിനം (ഇൻട്രോ)

ഇന്ന് ലോക ഹൈപ്പർ ടെൻഷൻ ദിനം. അമിത രക്ത സമ്മർദ്ദത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.
രക്താതിമർദ്ദം ഹൃദയാരോഗ്യത്തെയും തലച്ചോറിനെയും വൃക്കകളുടെ പ്രവർത്തനത്തെയും ബാധിക്കും. വൃക്കരോഗം ഉള്ളവർക്ക് രക്താതിമർദ്ദവും രക്താതിമർദ്ദം വൃക്കരോഗത്തിനും കാരണമാകാം എന്നതാണ് ഇതിലെ സങ്കീർണ്ണത. പ്രശസ്ത നെഫ്രോളജിസ്റ്റ് ഡോ. സതീഷ് ബാലൻ ആകാശവാണി വാർത്തകളോട് .......
(വോയ്സ്)

&&&&&&&&&&&&&&&&&&

## മന്ത്രി അബ്ദുറഹിമാൻ

ലോക ഫുട്ബോൾ ഇതിഹാസം ലയണൽ മെസിയും അർജൻറീന ഫുട്ബോൾ ടീമും കേരളത്തിൽ എത്തില്ല എന്ന് ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ലെന്ന് മന്ത്രി അബ്ദുറഹിമാൻ. സ്പോൺസർ കമ്പനി പണം നൽകാത്തതിനാൽ മെസി എത്തില്ല എന്നുള്ള ആരോപണങ്ങളോട് പ്രതികരിക്കുകയായിരുന്നു മന്ത്രി. സ്പോൺസർമാർ പണം നൽകുമെന്നും മെസി കേരളത്തിൽ എത്തുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## തിരംഗ യാത്ര - കേരളം

ഓപ്പറേഷൻ സിന്ദൂർ വിജയകരമായി പൂർത്തിയാക്കിയ സൈന്യത്തെ ആദരിക്കുന്നതിനായി ഇന്നലെ കൊച്ചി, കോഴിക്കോട്, കൊല്ലം, പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ തിരംഗ യാത്ര സംഘടിപ്പിച്ചു. മുൻ സൈനികരും വിദ്യാർത്ഥികളും ഉൾപ്പെടെ സമൂഹത്തിലെ വിവിധ വിഭാഗങ്ങളിലുള്ളവർ പങ്കെടുത്തു. പഹൽഗാം ഭീകരാക്രമണത്തിന് ഇരയായ കൊച്ചി

സ്വദേശി എൻ. രാമചന്ദ്രൻറെ ഭാര്യയും മകനും കൊച്ചിയിൽ നടന്ന പരിപാടിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&&

## പ്രൈവറ്റ് സെക്രട്ടറി - മുഖ്യമന്ത്രി

കോഴിക്കോട് മുൻ എം എൽ എ എ. പ്രദീപ് കുമാറിനെ മുഖമന്ത്രിയുടെ പ്രൈവറ്റ് സെകട്ടറിയായി നിയമിച്ചു. ഇതു സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ഉത്തരവ് ഇറക്കി.

&&&&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ കോർപ്പറേഷനെയും ചെമ്പിലോട് ഗ്രാമപഞ്ചായത്തിനെയും വേർതിരിക്കുന്ന ചാലത്തോടിനെ വീണ്ടെടുക്കാനുള്ള ശ്രമത്തിന് ഇന്ന് തുടക്കമാകും. ജനകീയ കൂട്ടായ്മയുടെ നേതൃത്വത്തിൽ തോടിനെ സംരക്ഷിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്.

**വിശദവിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ ..... (വോയ്സ്)**

RNU TVPM

&&&&&&&&&&&&&&&&&&&

## സ്വകാര്യ ബസ് കണ്ടക്ടർക്ക് കുത്തേറ്റു

തിരുവനന്തപുരത്ത് സ്വകാര്യ ബസ് കണ്ടക്ടറെ ഡ്രൈവർ കുത്തി പരിക്കേൽപ്പിച്ചു. കണ്ടക്ടർ വിനോജിനാണ് കുത്തേറ്റത്. വിനോജിനെ കുത്തിയ ഡ്രൈവർ ബാബു രാജിനെ ഫോർട്ട് പൊലീസ് അറസ്റ്റ് ചെയ്തു. മദ്യപിച്ച് എത്തിയ ബാബു രാജിനെ ബസ് ഓടിക്കാൻ അനുവദിക്കാത്തതാണ് ആക്രമിക്കാൻ കാരണം. പരിക്കേറ്റ വിനോജിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

&&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

### മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. ഇന്ന് പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

പാലക്കാട് മുതൽ കാസർകോടു വരെയുള്ള ആറു ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. നാളെ മുതൽ ഈ മാസം 20 വരെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

<u>മഴ - ഉന്നതതലയോഗം</u>

സംസ്ഥാനത്ത് മഴക്കാല പൂർവ്വ മുന്നൊരുക്കം അടിയന്തരമായി പൂർത്തീകരിക്കാൻ ഉന്നതതല യോഗ തീരുമാനം. ഈ മാസം 20നകം ജില്ലാതലത്തിൽ യോഗം ചേർന്ന് മഴക്കാല ദുരന്ത സാധ്യതകളെ നേരിടാൻ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച റവന്യു മന്ത്രി കെ രാജൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ - 6</u>

<u>ഐ പി എൽ</u>

ഇന്ത്യ – പാക് സംഘർഷത്തെ തുടർന്ന് നിർത്തി വച്ചിരുന്ന ഐപിഎൽ ക്രിക്കറ്റ് മത്സരങ്ങൾ ഇന്നു മുതൽ പുനഃരാരംഭിക്കും. റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവും കൊൽക്കത്ത നൈറ്റ് റൈഡേഴ്സും തമ്മിലാണ് ഇന്നത്തെ മത്സരം. രാത്രി 07.30 ന് ബംഗളൂരു ചിന്ന സ്വാമി സ്റ്റേഡിയത്തിൽ കളി ആരംഭിക്കും.

RNU TVPM

&&&&&&&&&&&&&&&&&&

<u>പി.എം - നീരജ് ചോപ്ര</u>

ദോഹ ഡയമണ്ട് ലീഗ് പുരുഷ ജാവലിൻ ത്രോയിൽ റെക്കോർഡ് ദൂരം എറിഞ്ഞ് രണ്ടാം സ്ഥാനം നേടിയ നീരജ് ചോപ്രയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. അചഞ്ചലമായ സമർപ്പണത്തിന്റെയും, അച്ചടക്കത്തിന്റെയും, അഭിനിവേശത്തിന്റെയും ഫലമാണ് ഈ നേട്ടമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. അദ്ദേഹത്തിന്റെ നേട്ടത്തിൽ രാജ്യം വളരെയധികം അഭിമാനിക്കുന്നുവെന്നും ശ്രീ മോദി

അഭിപ്രായപ്പെട്ടു. റെക്കോർഡോടെ 90.23 മീറ്റർ ദൂരം ജാവലിൻ എറിഞ്ഞെങ്കിലും, 91.06 മീറ്റർ എറിഞ്ഞ് ജർമ്മനിയുടെ ജൂലിയൻ വെബർ നീരജിനെ മറി കടന്നു.

&&&&&&&&&&&&&&&&&&

## ഇന്റർനാഷണൽ ടെലികമ്മ്യൂണിക്കേഷൻ ദിനം

ഇന്ന് അന്താരാഷ്ട്ര ടെലികമ്മ്യൂണിക്കേഷൻ ദിനം. ഇന്റർനാഷണൽ ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ സ്ഥാപിതമായതിന്റെയും 1865-ൽ ആദ്യത്തെ ഇന്റർനാഷണൽ ടെലിഗ്രാഫ് കൺവെൻഷൻ ഒപ്പുവച്ചതിന്റെയും ഓർമ്മയ്ക്കായാണ് എല്ലാ വർഷവും ഈ ദിവസം ലോക ടെലികമ്മ്യൂണിക്കേഷൻ ആൻഡ് ഇൻഫർമേഷൻ സൊസൈറ്റി ദിനമായി ആചരിക്കുന്നത്. "ഡിജിറ്റൽ സാങ്കേതികവിദ്യകളിലൂടെ സ്ത്രീകളെ ശാക്തീകരിക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം.

RNU TVPM

&&&&&&&&&&&&&&&&&&

## ഫുട്ബോൾ - സാഫ് യു 19

അരുണാചൽ പ്രദേശിൽ ഇന്നലെ നടന്ന സാഫ് അണ്ടർ 19 ചാമ്പ്യൻഷിപ്പ് മത്സരത്തിൽ മാലദ്വീപിനെ 3-0 എന്ന സ്കോറിൽ തോൽപ്പിച്ച് ഇന്ത്യ ഫൈനലിലേക്ക് കടന്നു. നേരത്തെ, സെമിഫൈനലിൽ നേപ്പാളിനെതിരെ 2-1 ന് തോൽപ്പിച്ച് ബംഗ്ലാദേശും ഫൈനലിൽ സ്ഥാനം ഉറപ്പിച്ചു. നാളെ നടക്കുന്ന അവസാന മത്സരത്തിൽ ആതിഥേയരായ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. വൈകുന്നേരം 7 മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത"എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം

ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&&&

## സ്വർണ്ണവില

സ്വർണവിലയിൽ മാറ്റമില്ല. ഗ്രാമിന് 8,720 രൂപയും, പവന് 69,760 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM